# വചനവിചിന്തനം നവംബർ 15 ഞായർ, 2009
## യോഹ. 2 : 13–25

ജറുസലേം ഒന്നാം ദൈവാലയത്തിന്റെ നിർമ്മാണം രാജകുടുംബവുമായി ബന്ധപ്പെട്ടിരിക്കുന്നു. ദാവീദു രാജാവ് ദൈവത്തിനു വേണ്ടി ഭവനം നിർമ്മിക്കാനാഗ്രഹിച്ചു. അതിന്റെ പണി പൂർത്തിയാക്കാൻ കഴിഞ്ഞത് പുത്രനായ സോളമനാണ്. രണ്ടാം ദൈവാലയ നിർമ്മാണം പ്രവാസകാലത്ത് നേതാക്കന്മാർ വഴി നടത്തപ്പെടുന്നു. അതിന്റെ മനോഹാരിത പൂർണ്ണത കൈവരിക്കുന്നത് ഹേറോദ്ദേസിന്റെ ഭരണകാലത്താണ്. ഇതെല്ലാം മറ്റൊരു ദൈവാലയത്തിന്റെ പകർപ്പും, ദു:ഖവെള്ളിയാഴ്ച അവർ തകർക്കുന്ന ദൈവാലയത്തിന്റെ പകർപ്പുമാണ്. അത് നശിപ്പിക്കപ്പെടുമ്പോൾ അതിന്റെ അതിപരിശുദ്ധ സ്ഥലത്തിട്ടിരിക്കുന്ന വിരി രണ്ടായികീറി, ദൈവപുത്രന്റെ  അതിപരിശുദ്ധ തിരുഹൃദയം എല്ലാവർക്കും ദൃശ്യമായി.

സെറാബാബേലിന്റെ കാലത്ത് 46 വർഷം കൊണ്ട് ദൈവാലയം പണിയപ്പെടുന്നു. B.C 559 - ൽ സൈറസ് ചക്രവർത്തി പണിയാരംഭിക്കുന്നു  513 ൽ ഡേരിയസ് ചക്രവർത്തിയുടെ 9-ാം ഭരണവർഷം പണിപൂർത്തിയായി. ഹേറോദ്ദേസിന്റെ ഭരണകാലത്ത് അലങ്കാരപണികൾ പൂർത്തിയായി. അങ്ങനെ 46 സംവത്സരങ്ങൾ കൊണ്ട് പൂർത്തിയാക്കപ്പെട്ട ജറുസലേം ദൈവാലയത്തിൽ ഈശോ എത്തുന്നു. സഖറിയാസ് 14/21 ൽ ദൈവാലയത്തിലെ ആരാധനാ രീതികളെ മെച്ചപ്പെടുത്താൻ പ്രവാചകൻ  ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു, ''സൈന്യങ്ങളുടെ കർത്താവിന്റെ ഭവനത്തിൽ ആ ദിനം  കച്ചവടക്കാർ  പ്രവേശിക്കാൻ പാടില്ല ''. എന്നാൽ ഈശോയെ സംബന്ധിച്ച് ദൈവാലയം ഇനി ആരാധനാകേന്ദ്രമോ ബലിയർപ്പണകേന്ദ്രമോ അല്ല. ''എന്റെ പിതാവിന്റെ ഭവനമാണ് ''(2/16)

എന്നാൽ അവിടെ ആട്, മാട്, നാണയമാറ്റക്കാർ, പ്രാവുകച്ചവടക്കാർ എന്നിവരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഒരുവശത്ത് പ്രാർത്ഥനയുടെ സ്വരം മറുവശത്ത് കച്ചവടക്കാരുടെ വിലപേശൽ, നാണയങ്ങളുടെ കിലുക്കം, ആടുമാടു കരച്ചിൽ. മർക്കോസ് 6:11 ൽ നാം വായിക്കുന്നു ''എവിടെയെങ്കിലും ജനങ്ങൾ നിങ്ങളെ സ്വീകരിക്കാതിരിക്കുകയോ നിങ്ങളുടെ വാക്കുകൾ ശ്രവിക്കാതിരിക്കുകയോ ചെയ്താൽ അവിടെ നിന്നു പുറപ്പെടുമ്പോൾ അവർക്കു സാക്ഷ്യത്തിനായി നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളയുവിൻ''.  ''എന്റെ നാമം വഹിക്കുന്ന ഈ ആലയം നിങ്ങൾക്കു മോഷ്ടാക്കളുടെ ഗുഹയോ ? ഇതാ ഞാൻ, ഞാൻ തന്നെ ഇതു കാണുന്നുണ്ട് - കർത്താവ് അരുളിച്ചെയ്യുന്നു''(ജറമിയാ 7/11). ഈശോ ഒരു ചാട്ടവാറുണ്ടാക്കി അവരെയെല്ലാം ദൈവാലയത്തിൽ നിന്ന് ആട്ടിപ്പുറത്താക്കി.

അങ്ങയുടെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു (സങ്കീർത്തനം 69/9) . ഈശോയുടെ നീതിപൂർവ്വകമായ രോഷപ്രകടനത്തിൽ അവർ അന്ധാളിച്ചു. ഇതിലൂടെ യഹൂദർ യേശുവിന്റെ അധികാരത്തെ ചോദ്യം ചെയ്യുകയും അടയാളം ആവശ്യപ്പെടുകയും ചെയ്യുന്നു. ഈശോ പറഞ്ഞു ''ഈ ദൈവാലയം നിങ്ങൾ നശിപ്പിക്കുക 3 ദിവസം കൊണ്ട് ഞാനിതിനെ പുനരുദ്ധരിക്കാം'' (യോഹന്നാൻ 2 : 19) ഈ വാക്യമാണ് യേശുവിനെ തിരെ പിന്നീട് കള്ളസാക്ഷ്യമുയർന്നുവന്നത്. ''കൈകൊണ്ടു പണിത ഈ ദൈവാലയം ഞാൻ നശിപ്പിക്കുകയും കൈകൊണ്ടു പണിയാത്ത മറ്റൊന്ന് മൂന്നു ദിവസം കൊണ്ടു നിർമ്മിക്കുകയും ചെയ്യും എന്ന് ഇവൻ പറയുന്നതു ഞങ്ങൾകേട്ടിട്ടുണ്ട് ''(മർക്കോസ് 14/58). കുരിശിൽ കിടന്നു പിടയുമ്പോഴും ഇതു തന്നെയാണ് ഈശോയെ അവർ പറഞ്ഞു കളിയാക്കുന്നത്. ''അതിലേ കടന്നുപോയവർ തലകുലുക്കി കൊണ്ട് അവനെ ദുഷിച്ചു പറഞ്ഞു: ദൈവാലയം നശിപ്പിച്ച്, മൂന്നു ദിവസം കൊണ്ട് വീണ്ടും പണിയുന്നവനേ''.

ഈശോ യഥാർത്ഥത്തിൽ ഒരു വെല്ലുവിളിയാണ് നടത്തുന്നത് തന്റെ രാജാധികാരത്തെയും പുരോഹിത ദൗത്യത്തെയും അഗ്നിപരീക്ഷയ്ക്ക് വിധേയമാക്കുക, കൊലമരത്തിൽ തറച്ചെന്നെ വധിക്കുക, മൂന്നാം ദിവസമുയർത്ത് ഞാൻ നിങ്ങൾക്കുത്തരം തരും. ഗ്രീക്കിൽ Heiron എന്ന വാക്കിനർത്ഥം ദൈവാലയം. Naos എന്നാൽ ദൈവാലയത്തിലെ അതിവിശുദ്ധ സ്ഥലം എന്നാണ്. ബൈബിളിന്റെ ഗ്രീക്ക് മൂലത്തിൽ Naos എന്ന പദമാണുപയോഗിച്ചിരിക്കുന്നത് ദൈവം വസിക്കുന്ന ഇടമാണ് ദൈവാലയം അവിടെ ദൈവദൂതന്മാർ അവിടുത്തെ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു പാടിസ്തുതിച്ചു കൊണ്ടിരിക്കുന്നു. ദൈവത്തിന്റെ സഞ്ചരിക്കുന്ന ആലയങ്ങളാണ് നാമെല്ലാവരും. നമ്മിൽ ദൈവം വസിക്കുന്നു. അങ്ങനെയാണ് മനുഷ്യന് ദൈവത്തിന്റെ ഛായയും സാദൃശ്യവും കൈവന്നിരിക്കുന്നത്. എന്റെ ആത്മാവാകുന്ന ദൈവാലയത്തിൽ, ദൈവം വസിക്കുന്ന ഇടത്തിൽ നിത്യം ഉയരേണ്ടത് മാലാഖമാരോടു ചേർന്നുള്ള സ്തുതിഗീതങ്ങളാണ്. ഈ സ്തുതിഗീതങ്ങളും പ്രാർത്ഥനാമന്ത്രങ്ങളും ഉയരേണ്ട എന്റെ ഹൃദയത്തിൽ നിന്നും മറ്റു ചിന്തകളും വ്യാപാരങ്ങളും ഒഴിവാക്കണമെന്ന് സുവിശേഷകൻ പറയുന്നു.

ജറുസലേം ദൈവാലയത്തിൽ കൊള്ളലാഭം ഉണ്ടാക്കാമെന്ന് വിചാരിച്ച വ്യാപാരികളെ കർത്താവ് ആട്ടിപ്പുറത്താക്കി. ആതായത് ദൈവവാസ സ്ഥലത്ത് നിന്ന് സ്വാർത്ഥചിന്തകളെ പുറത്താക്കണം ഹൃദയനൈർമ്മല്യമാണ് പ്രധാനം. അഷ്ടഭാഗ്യങ്ങളിൽ നാം കാണുന്നു ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും. അതുകൊണ്ട് നമുക്കു പ്രാർത്ഥിക്കാം കർത്താവേ നിർമ്മലമായഹൃദയം എന്നിൽ സൃഷ്ടിക്കണമേ.

**ഫാ.മാത്യു ഇരുമ്പുകുത്തിയിൽ.**